"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നിയമ(ഇൻസ്പെക്ഷൻ)വകുപ്പ്

സ.ഉ.(കൈ) നം.98/2023/LAW തീയതി,തിരുവനന്തപുരം, 21-09-2023

---

പരാമർശം:-

1. 29-07-2021 തീയതിയിലെ സ.ഉ.(കൈ) 59/2021/നിയമം
2. 27-09-2022 തീയതിയിലെ സ.ഉ.(കൈ) 50/2022/നിയമം
3. അഡ്വക്കേറ്റ് ജനറലിന്റെ 03-08-2023 തീയതിയിലെ SS-GK-2/2021/AG നമ്പർ കത്ത്.

<u>ഉത്തരവ്</u>

ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) ആയി പരാമർശം (1) പ്രകാരം നിയമിതയായ അഡ്വ: എം.ആർ. ശ്രീലത രാജി സമർപ്പിച്ചിരുന്നതും ടിയാളുടെ രാജി പരാമർശം (2) ഉത്തരവ് പ്രകാരം 23-09-2022 തീയതി പ്രാബല്യത്തിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) തസ്തികയിലെ നിലവിലെ ഒഴിവിലേയ്ക്ക് നിയമിക്കുന്നതിനായി മൂന്ന് അഭിഭാഷകരുടെ പേരുകളടങ്ങുന്ന ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ പരാമർശം (3) പ്രകാരം ലഭ്യമാക്കിയിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) തസ്തികയിൽ അഡ്വ: പി.കെ.ബാബു, തൃപ്പാദം, ഉല്ലാസ് നഗർ, തെക്കുംഭാഗം, തൃപ്പൂണിത്തുറ-യെ മൂന്ന് വർഷ കാലയളവിലേക്ക് നിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത അഭിഭാഷകന്റെ ജോലിയും സേവന വേതന വ്യവസ്ഥകളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K.G SANAL KUMAR
നിയമ സെക്രട്ടറി

പകർപ്പ്:-

1. അഡ്വ: പി.കെ.ബാബു, തൃപ്പാദം, ഉല്ലാസ് നഗർ, തെക്കുംഭാഗം, തൃപ്പൂണിത്തുറ ( അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം)
2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
4. സെക്രട്ടറി, കേരള നിയമസഭ.
5. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
6. ബഹു.നിയമ, വ്യവസായ, കയർ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്.
7. ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
8. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം.
9. നിയമ സെക്രട്ടറിയുടെ പി.എ.
10. ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.
11. പൊതുഭരണ (എസ്.സി.) വകുപ്പ് (20-09-2023 തീയതിയിലെ മന്ത്രിസഭാ തീരുമാനം ഇനം. നം. 1758)
12. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം.
13. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
14. അഡീഷണൽ നിയമ സെക്രട്ടറിയുടെ (ഇൻസ്പെക്ഷൻ) സി.എ.
15. നിയമ (നോഡൽ) വകുപ്പ്.
16. നിയമ (മോണിറ്ററിങ്) വകുപ്പ്.
17. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-09-2023

ഫയൽ നം. 122/ഇൻസ്‌പെ.1/2023/നിയമം. ഇനം നം: 1758

വിഷയം : നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) നിയമനം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.122/ഇൻസ്പെ.1/2023/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു.ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) നിയമനം -സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 01-09-2023 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?<br>ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ആർ. സുരേഷ്ബാബു |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/09/2023. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വേണു വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/09/2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/09/2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05/09/2023 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. ഹൈക്കോടതി സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) അഡ്വ. എം.ആർ. ശ്രീലത, രാജിവച്ച ഒഴിവിലേയ്ക്ക് നിയമനം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 29-07-2021 തീയതിയിലെ സ.ഉ.(കൈ)59/2021/നിയമം പ്രകാരം ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവ. പ്ലീഡർ (ധനകാര്യം) ആയി നിയമിച്ചിരുന്ന അഡ്വ. എം.ആർ. ശ്രീലത 23-09-2022 പ്രാബല്യത്തിൽ രാജി സമർപ്പിച്ചിട്ടുള്ളതാണ്. 27-09-2022 തീയതിയിലെ സ.ഉ.(കൈ)50/2022/നിയമം നമ്പർ ഉത്തരവ് പ്രകാരം ടിയാളുടെ രാജി സ്വീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഒഴിവിലേക്ക് 03-08-2023 തീയതിയിലെ എസ്.എസ്.ജി.കെ. 2-2021 എ.ജി നമ്പർ കത്ത് മുഖേന അഡ്വക്കേറ്റ് ജനറൽ മൂന്ന് അഡ്വക്കേറ്റുമാരുടെ പേരുകൾ അടങ്ങിയ ഒരു പാനൽ അയച്ചുതന്നിട്ടുള്ളതാണ്. ആയത് താഴെ പറയും പ്രകാരമാണ്.-

1.. അഡ്വ. പി.കെ.ബാബു,
തൃപ്പാദം, ഉല്ലാസ് നഗർ,
തെക്കുംഭാഗം,
തൃപ്പൂണിത്തുറ

2.. അഡ്വ. സി.എം. കമ്മപ്പു,
ചേമ്പർ നം. 828,
കെഎച്ച്സിഎഎ ചേമ്പർ കോംപ്ലക്സ്,
കൊച്ചി -31

3. അഡ്വ. എം.പി. മുഹമ്മദ് ഫാസിൽ,
മണാത്ത് പഴയപുരയിൽ,
തൃക്കാക്കര. പി.ഒ., കാക്കനാട്, കൊച്ചി -21

3. മേൽപ്പറഞ്ഞ മൂന്ന് അഭിഭാഷകരിൽ അഡ്വ. പി.കെ.ബാബുവിനെ ബഹു. ഹൈക്കോടതിയിൽ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) തസ്തികയിലേയ്ക്ക് നിയമിക്കുന്നതിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിട്ടുള്ളതാണ്.

4. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഹൈക്കോടതിയിലേയ്ക്ക് ഗവ. ലോ ഓഫീസർമാരെ

നിയമിക്കുന്നത് അഡ്വക്കേറ്റ് ജനറൽ അയച്ചുതരുന്ന യോഗ്യരായ അഭിഭാഷകരുടെ പാനലിൽ നിന്നും മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

5. മേൽ സാഹചര്യത്തിൽ അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ (ധനകാര്യം) ഒഴിവിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ അയച്ചുതന്ന പാനലിൽ നിന്നും നിയമനം നടത്താവുന്നതാണോ എന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിനായി ഫയൽ ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം പാനലിലെ ക്രമ നമ്പർ 1, അഡ്വ. പി.കെ.ബാബു, തൃപ്പാദം, ഉല്ലാസ് നഗർ, തെക്കുംഭാഗം, തൃപ്പൂണിത്തുറ-യെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ (ധനകാര്യം) തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് നിയമിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ **01-09-2023** തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

ബഹു. ഹൈക്കോടതിയിലെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറുടെ (ധനകാര്യം) നിലവിലെ ഒഴിവിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം പാനലിലെ ക്രമ നമ്പർ 1, അഡ്വ. പി.കെ.ബാബു, തൃപ്പാദം, ഉല്ലാസ് നഗർ, തെക്കുംഭാഗം, തൃപ്പൂണിത്തുറ -യെ നിയമിക്കാവുന്നതാണോ ?